(ബി) പട്ടികജാതിയിൽപ്പെട്ട ഇവരുടെ വിദ്യാഭ്യാസപരമായി പിന്നോക്കാവസ്ഥ പരിഗണിച്ച് പട്ടിക വർഗ്ഗക്കാർക്ക് നൽകിവരുന്ന എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും ഇപ്പോൾ നൽകിവരുന്നു. കൂടാതെ പ്രീമെട്രിക് തലത്തിൽ ലംപ്സംഗ്രാന്റിനു പുറമേ പ്രതിമാസം 25 രൂപ മുതൽ 35 രൂപവരെ നിരക്കിൽ സ്റ്റൈപെന്റ് നൽകിവരുന്നുണ്ട്.

(സി) 1995-ലെ ഒരു സർവ്വേ പ്രകാരം നായാടികളുടെ സാക്ഷരതാനിരക്ക് 26 ശതമാനം ആണ്. ഇവരിൽ എസ്.എസ്.എൽ.സി. പാസ്സായവർ 1.2 ശതമാനം മാത്രമാണ്.

ആദിവാസി ക്ഷേമ പദ്ധതി

19 (2569) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വനപ്രദേശത്ത് താമസിക്കുന്ന ആദിവാസികളുടെ ക്ഷേമത്തിനായി സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണ് ;

(ബി) ആദിവാസികൾക്ക് സ്ഥിരമായി ജോലി ലഭിക്കുവാനുള്ള പദ്ധതികൾക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) ആദിവാസിമേഖലയിൽ പ്രാഥമിക ചികിത്സ ലഭ്യമാക്കാൻ ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് വനപ്രദേശത്തുള്ള കോളനികളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി വനം വകുപ്പിന്റെ ട്രൈബൽ സബ്പ്ലാൻ പദ്ധതിയിൽ തുക വകയിരുത്തി പട്ടികവർഗ്ഗക്കാർക്ക് വേണ്ട വിവിധ ക്ഷേമ പ്രവർത്തനങ്ങൾ നടപ്പാക്കുന്നു. പട്ടികവർഗ്ഗ കോളനിയിലേക്ക് റോഡ് നിർമ്മിക്കുക, വന്യമൃഗങ്ങളിൽ നിന്നുള്ള സംരക്ഷണത്തിന് ട്രഞ്ച് കുഴിക്കുക, കുടിവെള്ള സൗകര്യം മെച്ചപ്പെടുത്തുക, ഭവനങ്ങൾ നിർമ്മിച്ചു നൽകുക, ഇൻഷ്വറൻസ് സംരക്ഷണം മുതലായ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. ഉൾ വനങ്ങളിൽ ഒറ്റപ്പെട്ട് താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് 50000 രൂപയ്ക്ക് 15 സെന്റിൽ കുറയാത്ത ഭൂമി വാങ്ങി നൽകി വീടുവച്ച് മാറ്റി പാർപ്പിക്കുന്ന ഒരു പദ്ധതി 1998-99 വർഷം മുതൽ നടപ്പാക്കി വരുന്നു.

(ബി&സി) ഉണ്ട്. ട്രൈബൽ സബ്പ്ലാനിലെ പ്രത്യേക കേന്ദ്ര സഹായ നിധിയിലെ തുക ഉപയോഗപ്പെടുത്തി പട്ടികവർഗ്ഗ യുവാക്കൾക്ക് സ്വയം തൊഴിൽ പരിപാടികൾ നടപ്പിലാക്കിവരുന്നു. കൂടാതെ പട്ടികവർഗ്ഗ യുവതീ-യുവാക്കൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് പ്രാപ്തരാക്കാൻ കെട്ടിട നിർമ്മാണത്തിൽ പരിശീലനം, തയ്യൽ,കൈത്തറി നെയ്ത്ത്, കമ്പ്യൂട്ടർ പരിശീലനം, മോട്ടോർ ഡ്രൈവിംഗിൽ പരിശീലനം എന്നിവ നൽകി വരുന്നു. സ്വയം തൊഴിലിന് 10000 രൂപ വരെ പലിശരഹിത വായ്പ നൽകുന്നു. തൊഴിൽ പരിശീലനം നേടിയവർക്ക്

LIBRARY ARCHIVES Kerala Legislative Assembly

സ്വയം തൊഴിൽ കണ്ടെത്തുവാൻ 3000 രൂപ വരെ ധനസഹായം നൽകുന്നു. കൂടാതെ ഗ്രാമവികസന വകുപ്പിൽ സുവർണ്ണ ജയന്തി ഗ്രാമ സ്വറോസ്ക്കാർ യോജന, ജവഹർ ഗ്രാമ സമൃദ്ധി യോജന എന്നീ പേരുകളിലും സ്വയം തൊഴിൽ പദ്ധതി നടപ്പാക്കി വരുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേനയും ത്രിതല പഞ്ചായത്തുകൾ മുഖേനയും തൊഴിൽ നൽകുന്നതിനുള്ള പദ്ധതികൾ നടപ്പാക്കി വരുന്നു.

(ഡി) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ രണ്ട് മെഡിക്കൽ യൂണിറ്റുകളും ആരോഗ്യവകുപ്പിന്റെ കീഴിൽ 11 മൊബൈൽ മെഡിക്കൽ യൂണിറ്റുകളും ഉൾപ്പെടെ 13 മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ ആദിവാസി മേഖലയിൽ പ്രവർത്തിച്ചു വരുന്നു. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ 17 ആയുർവേദ ഡിസ്പെൻസറികൾ 4 മിഡ് വൈഫറി സെന്ററുകൾ, ഒരു ഗവ. അലോപ്പതി ഡിസ്പെൻസറി, ഒരു ഗവ. ആശുപത്രി എന്നിവ പട്ടിക വർഗ്ഗ മേഖലയിൽ പ്രവർത്തിച്ചുവരുന്നു. മാനന്തവാടി, അട്ടപ്പാടി എന്നീ ആരോഗ്യ പദ്ധതികളും പ്രവർത്തിച്ചുവരുന്നു. പട്ടികവർഗ്ഗ ഉപ പദ്ധതി പ്രകാരം വിവിധ ജില്ലകളിലായി 64 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു.

സ്വകാര്യ വൊക്കേഷണൽ എൻജിനീയറിംഗ് സ്ഥാപനങ്ങളിലെ പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യം

20 (2570) ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ വൊക്കേഷണൽ എൻജിനീയറിംഗ് സ്ഥാപനങ്ങൾക്ക് പട്ടികജാതി വികസന വകുപ്പിന്റെ അംഗീകാരവും സ്ഥാപനത്തിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങളും അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ;

(ബി) പ്രസ്തുത മാനദണ്ഡങ്ങൾ പാലിക്കാത്ത സ്ഥാപനങ്ങൾക്ക് അംഗീകാരവും ആനുകൂല്യങ്ങളും നൽകിയിട്ടുണ്ടോ ; എങ്കിൽ അവ ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ;

(സി) പട്ടികജാതി വികസനവകുപ്പിന്റെ അംഗീകാരം ലഭിക്കുന്ന സ്ഥാപനങ്ങളിൽ മാനേജ്മെന്റ് പ്രവേശനം നൽകുന്ന ആദ്യ ബാച്ചിലെ ഏതെല്ലാം വിഭാഗത്തിലെ വിദ്യാർത്ഥികൾക്കാണ് വിദ്യാഭ്യാസാനുകൂല്യത്തിന് അർഹതയുള്ളത് ;

(ഡി) പട്ടികജാതി വികസന വകുപ്പിൽ നിന്ന് ആദ്യമായി അംഗീകാരം ലഭിക്കുന്നതിന് സ്ഥാപനത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളെ സെലക്ഷൻ കമ്മിറ്റി തന്നെ തെരഞ്ഞെടുത്തിരിക്കണമെന്ന നിബന്ധന നിലവിലുണ്ടോ ; ഉണ്ടെങ്കിൽ അത് ഏത് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly